പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 15/03/2017 ൽ

നിയമസഭാ ചോദ്യം നമ്പർ 350 മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും കാര്യക്ഷമവും ആക്കാൻ റിയാബ് നിർദ്ദേശങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.എം.രാജഗോപാലൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടനയ്ക്കും ആന്തരിക കണക്ക് പരിശോധനയ്ക്കുമായി രൂപീകരിച്ചിട്ടുള്ള റിയാബിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ എത്രമാത്രം ഫലപ്രദമെന്ന് അറിയിക്കാമോ; | എ) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനത്തിനായും നിരീക്ഷണത്തിനായും പദ്ധതികളുടെ വിശകലനമുൾപ്പെടെ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി രൂപീകരിച്ച റിയാബ് നിർവ്വഹിച്ചു വരുന്ന ചുമതലകളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.<br><br>• വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനത്തിന്റെ ചുമതല പൊതുമേഖലാസ്ഥാപനങ്ങളിലെ ആഡിറ്റിംഗ്, അക്കൗണ്ട്സ് എന്നിവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ചുമതല.<br><br>• ബഡ്ജറ്റിൽ നിന്നുള്ള ധനസഹായത്തിനായി പൊതുമേഖലാ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ ശുപാർശകളോടെ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുക.<br><br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിനായുള്ള വാർഷിക പദ്ധതികൾ ക്രോഡീകരിച്ച് |

സംസ്ഥാന പ്ലാനിംഗ് ബോർഡിൻെറ അംഗീകാരത്തിനായി സമർപ്പിക്കുന്ന ചുമതല.

- പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെൻറിനെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി വിദഗ്ദ്ധരായ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല.
- മാനവവിഭവശേഷിയുടെ വികസനത്തിനായി ഉന്നതതല മാനേജ്മെൻറിനായി പരിശീലനപരിപാടികൾ ആസൂത്രണം ചെയ്ത് നടത്തുക.
- പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിലേക്ക് ആവശ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുക.
- പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനവും വിശകലനവും സംബന്ധിച്ചുള്ള വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി വിശകലനം ചെയ്ത് സർക്കാരിന് നൽകുക.

പൊതുമേഖലാസ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റുകളുടെ പൂർത്തീകരണം സംബന്ധിച്ച സ്റ്റേറ്റ്മെൻറുകൾ സ്ഥാപനങ്ങളിൽ നിന്നും ക്രോഡീകരിച്ച് പ്രത്യേകമായി അവലോകനം ചെയ്ത് റിപ്പോർട്ടുകൾ യഥാസമയം സർക്കാരിന് നൽകിവരുന്നു. ആഡിറ്റുകളുടെ പുരോഗതി റിയാബ് മാസം തോറും നടത്തിവരുന്ന അവലോകനങ്ങളിൽ പ്രത്യേകം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തനം

സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും കാര്യക്ഷമവും ആക്കാൻ റിയാബ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും എന്തെല്ലാമെന്ന് അറിയിക്കുമോ;

സി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി നടത്തിയ ഇടപെടലിന്റെ ഫലം അറിയിക്കുമോ?

ബി) & സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയ 100കോടിരൂപയ്ക്കുപുറമെ ടെക്സ്റ്റൈൽ മേഖലയിലുള്ള സ്ഥാപനങ്ങൾക്കായി 15കോടിരൂപകൂടി സർക്കാർ അധിക ധനസഹായമായി നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള പ്രവർത്തന മൂലധന സഹായത്തിനുപുറമേ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം,

വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായിട്ടാണ് സ്ഥാപനങ്ങൾ ഈ സഹായം വിനിയോഗിച്ചുവരുന്നത്.

റിയാബ് മുഖേന നടത്തിയ പ്രവർത്തന അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിവിഹിതത്തിനായി പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ച സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ അംഗീകരിച്ച് അടുത്ത സാമ്പത്തിക വർഷം [2017-18] 270കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികൾക്കായുള്ള പ്രൊപ്പോസലുകൾ സമയബന്ധിതമായി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ റിയാബു മുഖേന നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമൻറ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും, ഉൽപ്പാദന വൈവിദ്ധ്യവത്ക്കരണത്തിനുമുള്ള വിപുലമായ പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകി 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള തീരുമാനം വ്യവസായ - ധനകാര്യ വകുപ്പു മന്ത്രിമാരുടെ തലത്തിൽ 2017 ജനുവരി 6ന് നടത്തിയ മീറ്റിംഗിൽ സ്വീകരിച്ചിരുന്നു. ഈ പദ്ധതികൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായത്തിനുപുറമേയാണ് ധനസഹായം അനുവദിക്കുന്നത്. ഈ പദ്ധതികൾ സമയബന്ധിതമായി തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള പുരോഗതിയും റിയാബ് മുഖേന വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വിവിധ മേഖലയിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിൻെറ ഭാഗമായി വിദഗ്ദ്ധ നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിൻെറ ഭാഗമായി അതാത് മേഖലയിലുള്ള വിദഗ്ദ്ധരെയും റിയാബിനെയും ഉൾപ്പെടുത്തികൊണ്ട് ഉന്നതതല കമ്മിറ്റികൾ രൂപീകരിച്ച് [Eg. Expert Committee for revival of Textile Mills under Industries Department, Committee for establishing Industrial Complex for value added products involving Titanium metal etc] മേൽനടപടികൾ സ്വീകരിച്ചുവരുന്നു. അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെൻേറഷൻ ലിമിറ്റഡിൻെറ പാലക്കാട് പ്രവർത്തിക്കുന്ന യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിൻെറ ഭാഗമായി രൂപീകരിച്ച ഉന്നതതല കമ്മിറ്റിയിലും റിയാബിൻെറ ചെയർമാനും, സെക്രട്ടറിയും അംഗങ്ങളാണ്.

Bindumol.K.N

സെക്ഷൻ ഓഫീസർ